ഉത്തരം

(എ) ഉണ്ട്.

(ബി) ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട തൃക്കുന്നപ്പുഴ, ആറാട്ടുപുഴ, ഹരിപ്പാട്, ചെറുതന, വിയപുരം എന്നീ പഞ്ചായത്തുകളിലാണ് പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിച്ചിട്ടുള്ളത്. തെങ്ങ്, നെല്ല്, കമുക്, വാഴ, പച്ചക്കറികൾ ഇവയ്ക്കാണ് നാശം സംഭവിച്ചത്.

(സി) ഹരിപ്പാട് മണ്ഡലത്തിൽ 2003-ൽ സംഭവിച്ച പ്രകൃതിക്ഷോഭംമൂലം 146.94 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ഡി) 2003-04 സാമ്പത്തികവർഷം വെള്ളപ്പൊക്കം മൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകുന്നതിലേക്കായി ആലപ്പുഴ ജില്ലയ്ക്ക് 50 ലക്ഷം രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ആലപ്പുഴ ജില്ലാ കളക്ടർ ഈ തുക കൃഷി നാശം സംഭവിച്ചവർക്ക് എത്രയുംവേഗം വിതരണം ചെയ്യുന്നതായിരിക്കും.

നേന്ത്രവാഴ കൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ നടപടി

53 [4801] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നേന്ത്രവാഴ കൃഷിക്ക് എല്ലാ വർഷവും പ്രകൃതിക്ഷോഭം മൂലം നാശം നേരിട്ടുകൊണ്ടിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നേന്ത്രവാഴ കൃഷിക്ക് പ്രോൽസാഹനം നൽകുന്നതിന് സമഗ്രമായ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) എല്ലാ കൊല്ലവും ഉണ്ട് എന്നു തീർത്തു പറയുവാൻ പറ്റുകയില്ല.

(ബി, സി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവും കേന്ദ്ര സർക്കാരിന്റെ "നാഷണൽ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് സ്കീം" പ്രകാരവും നേന്ത്രവാഴ കൃഷിക്ക് നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നുണ്ട്.

കീടനാശിനികളുടെ അമിതോപയോഗം

54[4802] ശ്രീ. യു. സി. രാമൻ:
,, സി. ടി. അഹമ്മദ് അലി:
,, സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly